بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*06 July 2012 ~ 15 Shabaan 1433 Hijri*

**ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)**

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ഹസ്രത്ത് മുഹ്യിദ്ദീൻ (atba)തന്റെ എല്ലാ അനുചരന്മാർക്കും ലോകത്തുള്ള എല്ലാ മുസ്ലിംകൾക്കും സമാധാനാഭിവാദ്യം നേർന്നു കൊണ്ടും ഇന്ത്യ, ട്രിനിഡാഡ്, ടുബാഗോ എന്നീ രാജ്യങ്ങളെ പ്രത്യേകമായി സമ്‌രിച്ചു കൊണ്ടും തശ്ഹുദും, തഅവ്വദും സൂറ:അൽഫാത്തിഹയും ഓതിയശേഷം ഇപ്രകാരം പറഞ്ഞു.

കുഞ്ഞുങ്ങളെ പലരും പട്ടാളച്ചിട്ടയനുസരിച്ചു വളർത്താൻ ശ്രമിക്കുന്നു. ഇത് ആധുനിക ജീവിതത്തിന് ഒട്ടും അനുയോജ്യമല്ലാത്ത ഒരു കാര്യമാണ്. (പ്രത്യേകിച്ചും നാം ഇന്നു ജീവിക്കുന്ന രാജ്യങ്ങളിലെ ജീവിതത്തിന്) കുഞ്ഞുങ്ങളുടെ വളർച്ചയുടെ ആരംഭഘട്ടത്തിൽ ഇതു നല്ലതു തന്നെയാണ്. പ്രാർത്ഥന, ഖുർ ആൻ പാരായണം തുടങ്ങി പതിവായും ചിട്ടയായും ചെയ്യേണ്ട കാര്യങ്ങൾ പ്രാവർത്തികമാക്കാനും നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും പറ്റിയ ശക്തിമത്തായ ഒരു മാർഗ്ഗമാണ് ഇത്. എന്നാൽ കുഞ്ഞുങ്ങളുടെ വിവേചന ബുദ്ധി വികസിയ്ക്കും തോറും മാതാപിതാക്കൾ എന്ന നിലയിൽ നാം അവരോടുള്ള സമീപനത്തിനു മാറ്റം വരുത്തേണ്ടതുണ്ട്. അവരുടെ വ്യക്തിജീവിതം നന്നാവുന്നതിനും ബുദ്ധിശക്തി വർദ്ധിക്കുന്നതിനും വേണ്ടിയാണിത്. പ്രത്യേകിച്ചു പാശ്ചാത്യലോകത്തിൽ കുഞ്ഞുങ്ങളുടെ ശ്രദ്ധ പിടിച്ചെടുക്കാൻ പറ്റിയ തരത്തിലുള്ള പ്രലോഭനങ്ങളും പ്രേരണകളും ധാരാളമുണ്ട്. അതോടൊപ്പം തന്നെ നമ്മൾ മുതിർന്നവരും പ്രകൃത്യായുള്ള ആഗ്രഹങ്ങളോട് ചായ്‌വുള്ളവരാണ്. (ഈ ആഗ്രഹങ്ങൾ സ്വാഭാവികമായും തിന്മയിലേക്കു നയിക്കുന്നതാണെന്നും പറയേണ്ടിയിരിക്കുന്നു) ഇതും രണ്ടും നിലനിൽക്കേ കുഞ്ഞുങ്ങൾ നമ്മുടെ ആജ്ഞകൾ പൂർണ്ണമായും അനുസരിക്കണം(പട്ടാളച്ചിട്ട) എന്നു നാം വാശിപിടിച്ചാൽ നമ്മുടെ കുഞ്ഞുങ്ങൾ നമുക്കു നഷ്ടപ്പെട്ടു പോകും അഥവാ കൈവിട്ടു പോകും എന്നൊരു അപകടസ്ഥിതിയിലേക്കാകും നമ്മുടെ യാത്ര. കുഞ്ഞുങ്ങളോട് വിശ്വാസത്തിന്റെയും സൗഹൃദത്തിന്റെയും ബന്ധമാണു പടുത്തുയർത്തേണ് ടത്. അതോടൊപ്പം തന്നെ പരസ്പര ബഹുമാനത്തിലൂടെയും സ്നേഹത്തിലൂടെയും വളർത്തിയെടുക്കുന്ന ഒരു അധികാരവും നമുക്ക് അവരുടെ മേൽ ഉണ്ടാകണം. ഇങ്ങനെ ചെയ്തില്ലെങ്കിൽ നമ്മുടെ കുഞ്ഞുങ്ങളെ നിലയ്ക്കു നിർത്താനും നമ്മോടൊപ്പം നിർത്താനും കഴിയുമെന്നൊരു പ്രതീക്ഷയേ വേണ്ട. അത്രമാത്രം ശക്തിമത്തായ ലൗകിക പ്രലോഭനങ്ങളാണ് അവർക്കു മുമ്പിലുള്ളത്.(ടിവി അഥവാ ടെലിവിഷനാണ് ഇതിനൊരു മകുടോദാഹരണം)

ഈ തലമുറ നമുക്കു നഷ്ടപ്പെട്ടിരിക്കുന്നു. അഥവാ എന്റെ കുഞ്ഞുങ്ങൾ ഇനി എന്തു ചെയ്താലും നന്നാവില്ല എന്നൊക്കെ പറയാൻ എളുപ്പമാണ്. എന്നാൽ സർവ്വശക്തനായ അല്ലാഹുവിന്റെ മുൻപിൽ, അല്ലാഹു നമുക്കു നല്കിയ സമ്മാനത്തെ നാം എങ്ങനെ സൂക്ഷിച്ചു എന്ന ചോദ്യത്തിനു മറുപടി പറയേണ്ടതായി വരുമ്പോൾ ഈ ഒഴിവു കഴിവുകൾ പ്രയോജനപ്പെടുമോ? നാം വന്നുപ്പെട്ടിരിക്കുന്ന സാഹചര്യം യഥാർത്ഥത്തിൽ മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിലെ ക്രമക്കേടുകൾ വെളിപ്പെടുത്തുകയേ ഉള്ളൂ, എന്ന വസ്തുത നാം അംഗീകരിച്ചേ പറ്റൂ. അതല്ലെങ്കിൽ കുഞ്ഞുങ്ങളോടുള്ള നമ്മുടെ പെരുമാറ്റ രീതിയ്ക്ക് മാറ്റം വരുത്തിക്കൊണ്ട് ചുറ്റുപാടുള്ള മാറ്റങ്ങളോട് താദാത്മ്യം പ്രാപിക്കണം.

സർവ്വശക്തനായ അല്ലാഹുവിനെ നിഷേധിക്കുന്ന ഒരു സംസ്കാരത്തിനിടയിലാണു നാം ഇന്നു ജീവിക്കുന്നത്. ജീവിതത്തിലെ പ്രശ്നങ്ങൾക്ക് അവരുടെ പക്കൽ ആത്മപ്രശംസ നിറഞ്ഞ അഥവാ വൻപുനിറഞ്ഞ ഉത്തരങ്ങളാണുള്ളത്. ഈ ലോകത്തെ ജീവിതത്തിനു ശേഷം നമുക്ക് ഒന്നിനും ഉത്തരം പറയേണ്ടതില്ല. അതുകൊണ്ട് ഈ ജീവിതത്തിൽ കിട്ടാവുന്നതെല്ലാം നേടിയെടുക്കാൻ ശ്രമിക്കുന്നതിൽ ഒരു തെറ്റുമില്ല. ഇവിടെയാണു ജീവിക്കേണ്ടത് . ഇപ്പോഴാണ് ജീവിക്കേണ്ടത്. അതിനാൽ ആവതുള്ളപ്പോൾ അതു പരമാവധി ആസ്വദിക്കുക. ഇതാണ് പുതിയ സംസ്കാരത്തിന്റെ വീക്ഷണം. ഇക്കൂട്ടരോടു പ്രതികരിയ്ക്കാതെ, കതകടച്ചിരുന്ന് അവർ പറയുന്നതു തള്ളിക്കളഞ്ഞ്, ഒക്കെ മാറിക്കൊള്ളും എന്നു പ്രതീക്ഷിച്ചു മാത്രമിരുന്നാൽ നമ്മളും നഷ്ടപ്പെട്ടവരിൽ ആവുകയേ ഉള്ളൂ. വിദേശത്തു പോയി പഠിയ്ക്കുന്ന വിദ്യാർത്ഥികളെ റോമിൽ പോയാൽ റോമക്കാർ ചെയ്യുന്നതു പോലെ എന്നു പറഞ്ഞു വിശ്വസിപ്പിച്ചിരിക്കുകയാണ്. തള്ളപ്പെടാതിരിക്കാനും വിജയിക്കാനും അതു വേണമത്രേ. എന്നാൽ അപമാനകരമായ ഒരവസ്ഥയിലേക്കാണ് ഇത് അവരെ നയിക്കുന്നത് എന്നവർ തിരിച്ചറിയുന്നില്ല. അവർ ഒരു പിന്നോക്ക രാജ്യത്തു നിന്നു വന്നതാ ണെന്നും ഇപ്പോൾ അവർ

നയിക്കുന്ന ജീവിതമാണ് എല്ലാവരും ആഗ്രഹിക്കുന്നതു പോലെ ഏറ്റവും മികച്ചതെന്നും ആ പ്രദേശവാസികൾ ധരിച്ചുവശാകുന്നു. ഇതു ശരിയല്ല സർവ്വശക്തനായ അല്ലാഹു നമുക്കു കാണിച്ചു തന്ന ജീവിതമാർഗ്ഗത്തിലാണ് അതു പ്രാവർത്തികമാക്കുന്നതിലാണ് നാം അഭിമാനം കണ്ടെത്തേണ്ടത്. അങ്ങനെയായാൽ യുവമനസ്സുകളുടെ ഹൃദയവും മനസ്സും പിടിച്ചെടുക്കുന്നതിൽ നാം വിജയിക്കുക തന്നെ ചെയ്യും.

ഇനി നമുക്ക് അടിസ്ഥാന കാര്യങ്ങളിലേക്കു പോകാം. അല്ലാഹുവിന്റെ പരിശുദ്ധമായ വാക്കുകളിലൂടെ മുസ്‌ലിംകൾ എന്ന നിലയിൽ നമുക്ക് ജീവിതത്തിനായി വളരെ ശക്തമായ ഒരു കോഡ് (ഗൂഢാർത്ഥ പദസഞ്ചയം) ഉണ്ട്. അതാണു നമ്മുടെ ആയുധം. നാം ഏതെല്ലാം സാഹചര്യങ്ങളിൽ എവിടെയൊക്കെ ചെന്നു പെട്ടാലും ജീവിതത്തിന്റെ എല്ലാ തുറകളിലും മൂല്യമുള്ള മാർഗ്ഗദർശനമാണ് അതു തരുന്നത്. നേരത്തെ ചുരുക്കി പറഞ്ഞതു പോലെ നാം ഏതു രാജ്യത്തിലും സംസ്കാരത്തിലും ജീവിച്ചാലും നമ്മുടെ കുഞ്ഞുങ്ങളെ നല്ല രീതിയിൽ വളർത്താനായി നാം ആത്മീയമായി എങ്ങനെ വളരണമെന്ന് അതു നമുക്കു പറഞ്ഞു തരുന്നു. ദൈവിക സാക്ഷാത്കാരത്തിന്റെ അനുഗ്രഹത്താൽ ഈ ആത്മീയ വികസന പ്രക്രിയയിലേക്ക് നമുക്ക് കൂടുതൽ ഉൾക്കാഴ്ചയുണ്ട്.

ഈ അടുത്ത കാലത്തായി മനസ്സിനെയും തലച്ചോറിനെയും കുറിച്ച് ഒരുപാട് ശാസ്ത്രീയ പഠനങ്ങൾ നടന്നിട്ടുണ്ട്. അവയെല്ലാം തന്നെ ഈ ആത്മീയ വികസന പ്രക്രിയയെ അതിസൂക്ഷമമായി വിവരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു. എന്റെ മുൻ പ്രഭാഷണങ്ങളിൽ ഞാൻ മനുഷ്യന്റെ ജനനത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ടായിരുന്നു. പൂർണ്ണമായും പ്രക്രത്യ ഉള്ള ആഗ്രഹങ്ങളാണ് ഒരു നവജാത ശിശുവിനെ നയിക്കുന്നത്. ആ ശിശു വളർന്നു മനുഷ്യനായി കഴിയുമ്പോഴാകട്ടെ അവൻ എല്ലാ ആഗ്രഹങ്ങളെയും നിയന്ത്രിക്കുവാൻ കഴിവുള്ള ഒരു സൃഷ്ടിയായി മാറുന്നു. ഈ രൂപാന്തരത്തിന്റെ അടിസ്ഥാനം മനസ്സിലാക്കുവാൻ ശാസ്ത്രത്തിനു നമ്മെ സഹായിക്കാനാവുമോ? ആത്മീയ പരിപൂർണ്ണതയ്ക്കു വേണ്ടിയുള്ള നമ്മുടെ അന്വേഷണത്തിന് ഈ അറിവ് നമുക്കു സഹായകമാവുമോ?

നമ്മിൽ പലരും ബ്രയിൻ സ്റ്റെം ഡത്തിനെക്കുറിച്ചു കേട്ടിട്ടുണ്ട്. (Brain Stem Death തലച്ചോറിന്റെ ഗോളാകൃതിയിൽ ഉള്ള ഭാഗം കഴിഞ്ഞ് വീതി കുറഞ്ഞ് പിന്നീട് താഴേക്ക് സുഷ്മ്നാഡി (Spinal Cord )ആയി തുടരുന്ന ഭാഗമാണു Brain Stem .തലച്ചോറിന്റെ പിൻഭാഗമെന്നോ, സുഷുമ്നാശീർഷമെന്നോ പറയാം. ആ ഭാഗം പൂർണ്ണമായും പ്രവർത്തനരഹിതമാകുന്നതാണു Brain Stem Death എന്നു പറയുക. ഈ അവസ്ഥയിലുള്ള രോഗിയിൽ കൃത്രിമ ഉപകരണങ്ങളുടെ സഹായത്തോടെ രക്തചക്രമണം നിലനിർത്തി കൊണ്ട് ഹൃദയം,വൃക്ക, കരൾ തുടങ്ങിയ പ്രധാന ശരീരവയവങ്ങളെ പ്രവർത്തിപ്പിക്കാൻ വൈദ്യശാസ്ത്രത്തിനു കഴിയുന്നു) പ്രധാന അവയവങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മരണം നിർവചിക്കപ്പെടുന്ന ഈ മാനദണ്ഡവുമായി പൊരുത്തപ്പെടാൻ എന്തായാലും ബുദ്ധിമുട്ടാണ്. സമ്മതിയ്ക്കാവുന്ന ഒരു വസ്തുത എന്തെന്നാൽ Brain Stem സജീവമല്ലെങ്കിൽ അതായത് പ്രകൃത്യാ ഉള്ള വൈദ്യുത ചലനങ്ങളുടെ അടയാളങ്ങൾ ഒന്നും കാണിയ്ക്കുന്നില്ലെങ്കിൽ) പ്രധാന അവയവങ്ങളുടെ പ്രവർത്തനം കൊണ് ടു മാത്രം ജീവിപ്പിച്ചു വെച്ചിരിക്കുന്ന വെറും ഒരു യന്ത്രം മാത്രമാകുന്നു ആ ശരീരം എന്നതാണ്. ഈ അവസ്ഥ വന്നു കഴിഞ്ഞാൽ തലച്ചോറിന്റെ പ്രവർത്തനത്തിന്റെ പുനപ്രാപ്തിയ്ക്കു യാതൊരു സാദ്ധ്യതയുമില്ല. തലച്ചോറിന്റെ ക്രമികൃതമായ രൂപീകരണത്തെപ്പറ്റിയും വ്യക്തിത്വവും ആത്മാവുമായി അതിനുള്ള ബന്ധത്തെക്കുറിച്ചും ഇതെന്താണു നമുക്കു പറഞ്ഞു തരുന്നത്?

തലച്ചോറിലെ മുഴകൾ കാരണവും അതിനു വേണ്ടി ചെയ്യപ്പെട്ട ശസ്ത്രക്രീകൾ കാരണവും തലച്ചോറിന്റെ ഭൂരിഭാഗവും നഷ്ടപ്പെട്ട ഒരു ബന്ധു എനിക്കുണ്ടായിരുന്നു. അദ്ദേഹം 2000– മാണ്ടിൽ മരണപ്പെട്ടു. പ്രവർത്തനക്ഷമമായ തലച്ചോറിന്റെ എത്ര ചെറിയ ഭാഗം തന്നെ ശേഷിച്ചാലും യഥാർത്ഥ വ്യക്തിത്വം വെളിപ്പെടുത്താൻ അതു ധാരാളം മതിയാകും എന്നത് ഞാൻ ആ വ്യക്തിയിൽ നിരീക്ഷിച്ചറിഞ്ഞതാണ്. ഭേദപ്പെടാനും ആശ്വാസമാകാനും അല്പം കാലയളവു വേണ്ടി വരുമെന്നു മാത്രം. ആത്മാവും തലച്ചോറും തമ്മിൽ പൊരുത്തപ്പെടാൻ ഈ കാലയളവു സഹായകമാവുന്നു എന്ന് അനുമാനിയ്ക്കേണ്ടിയിരിക്കുന്നു. തലച്ചോറിനുണ്ടാകുന്ന ക്ഷതങ്ങളെ അടിസ്ഥാനമാക്കി ചിന്തിക്കുമ്പോൾ ഒരു വ്യക്തിയുടെ ആത്മാവും അതിന്റെ ചൈതന്യവും തലച്ചോറിന്റെ നിയന്ത്രണത്തിൽ നിന്നും മുക്തമാണ്. എങ്കിൽ തന്നെയും ആത്മാവ്, അത് ആവിഷ്കരിക്കപ്പെടുന്നതിനായി പ്രവർത്തനക്ഷമമായ തലച്ചോറുമായി കെട്ടു പിണഞ്ഞു കിടക്കുന്ന രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു. മുൻപു സൂചിപ്പിച്ച കാലയളവ് (Healing Time) ഇതാണു വ്യക്തമാക്കുന്നത്. ശരീരം കൂടാതെ ആത്മാവിനു നിലനിൽപ്പില്ല എന്ന വസ്തുതയ്ക്ക് ഇത് ഒരു ഉദാഹരണമാണ്. ഇഹലോകത്തിലാണെങ്കിൽ ഒരു ഭൗതികശരീരം, പരലോകത്തിലാണെങ്കിൽ ഒരു ശരീരരൂപം. തലച്ചോറിനു പല തലങ്ങൾ ഉണ്ട്. പല മൃഗങ്ങളുടെയും തലച്ചോറിനെക്കുറിച്ചു പഠിയ്ക്കാനായി ഒരു പാടു സമയം സമർപ്പിച്ച ശാസ്ത്രജ്ഞന്മാർ ഇതു തിരിച്ചറിഞ്ഞിട്ടുണ്ട്. തലച്ചോറിന്റെ പുറമെയുള്ള ഭാഗത്തിന് മസ്തി ഷ്കാവരണം അഥവാ (Medulla) എന്നുമാണ്

പറയുന്നത്. ചില ജീവികൾക്ക് മസ്തിഷ്കാവരണം ഇല്ല. തവളകളും മത്സ്യങ്ങളും ഈ കൂട്ടത്തിൽ പെടും. സാഹചര്യങ്ങൾക്കനുസരിച്ച് ശരീരത്തിലെ ചൂടു നിലനിർത്തുന്ന രക്തമാണ് ഇവയ്ക്കുള്ളത്. അത്തരം ജീവികളെ Cold Blooded Animals അഥവാ ശീതരക്തമുള്ള ജീവികൾ എന്നാണു വിളിക്കുക. എന്നാൽ, സസ്തന ജീവികൾക്കാകട്ടെ (കുഞ്ഞുങ്ങളെ പ്രസവിക്കുകയും മുലയൂട്ടി വളർത്തുകയും ചെയ്യുന്ന ജീവി) 'Neo Cortex' എന്നു പേരു നൽകപ്പെട്ടിരിയ്ക്കുന്ന ഒരു മസ്തിഷ്കാവരണം രൂപപ്പെട്ടിരിക്കുന്നു. മനുഷ്യനും ഒരു സസ്തനജീവിയാണ്. എന്നാൽ മനഷ്യനിലാകട്ടെ മസ്തിഷ്കാവരണം കുറെയധികം വികസിയ്ക്കപ്പെട്ടിരിക്കുന്നു. സർപ്പിളമായ ഗതിയോടു (gyre) കൂടിയ സുവിസ്തൃതമായ ഒരു വലിയ പിണ്ഡം തന്നെയാണു മനുഷ്യന്റെ മസ്തിഷ്കാവരണം. ഇതൊക്കെയായലും നട്ടെല്ലുള്ള എല്ലാ ജീവികൾക്കും(Vertebrates)അവയ്ക്കു ശീതര്കതമോ ഉഷ്ണരക്തമോ ആയിക്കൊള്ളട്ടെ (Cold and Warm Blooded) Brain Stem ഉണ്ട്. അതിൽ സജീവമായ 'Limbic System'വും ഉണ്ട്. ഇതൊരു സർക്യൂട്ട് (Circuit) ആണ്. നാമറിയാതെ തന്നെ നമ്മുടെ ശരീരത്തിൽ നടക്കുന്ന എല്ലാ നൈസർഗ്ഗിക പ്രവർത്തനങ്ങളും ഈ സർക്യൂട്ട് വഴിയാണ് നിയന്ത്രിയ്ക്കപ്പെടുന്നത്. ഒട്ടനവധി നാഡികളും നാഡീവ്യൂഹങ്ങളും കൂടിചേർന്ന സങ്കീർണ്ണമായ ഒരു വ്യവസ്ഥയാണിത്. അടിസ്ഥാന വികാരങ്ങൾ നിയന്ത്രിക്കപ്പെടുന്നതും ഇവിടെ തന്നെയാണ്. എടുത്തു പറയേണ്ടതും അദ്ഭുതകരവുമായ രണ്ടു സവിശേഷതകൾ ഈ വ്യവ്സ്ഥയ്ക്കുണ്ട്. ഒന്ന്, താരതമ്യേന ലഘുവായ ഒരു Feed Back Mechanism ആണ്. അതായത് ശരീരം അതിന്റെ പ്രവൃത്തികളെ കുറിച്ച് തലച്ചോറിനു തിരിച്ചു നൽകുന്ന വിവരങ്ങൾക്കനുസൃതമായി എല്ലാ കാര്യങ്ങൾക്കും ഒരു നിശ്ചിത പരിധി നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. രണ്ടാമത്തെ സവിശേഷത, നാമിതൊന്നും അറിയുന്നില്ല എന്നുള്ളതാണ്. എന്താണ് ഈ വ്യവസ്ഥയെ നിയന്ത്രിക്കുന്നതെന്നോ അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നോ നമുക്കു പറയാൻ കഴിയുന്നില്ല, നാം അറിയുന്നില്ല.

ശരീരത്തിന്റെ ഊഷ്മാവ് (Body temperature) ഇതിനൊരു ഉദാഹരണമാണ്. മനുഷ്യശരീരത്തിന്റെ ഊഷ്മാവ് 37°C നിലനിർത്തപ്പെട്ടിരിക്കുന്നു. ഊഷ്മാവ് അഥവാ താഴുകയാണെങ്കിൽ അതു വർദ്ധിപ്പിക്കുവാനുള്ള പ്രക്രിയകൾ ഉടൻ തന്നെ ആരംഭിക്കുകയായി. വിറയൽ അഥവാ കിടുങ്ങൽ ഇത്തരമൊരു പ്രക്രിയയാണ്. ശരീരത്തിന്റെ ഊഷ്മാവ് വർദ്ധിപ്പിയ്ക്കുവാൻ വേണ്ടിയാണ് വിറയൽ ഉണ്ടാകുന്നത്. അതുപോലെ തന്നെ ഉഷ്മാവ് കൂടിയാൽ അധിക താപം കളയുവാനുള്ള പ്രക്രിയകൾ തുടങ്ങുന്നു. ശരീരം വിയർക്കുന്നു. തൊലിപ്പുറത്തുള്ള രക്തധമനികൾ വികസിക്കുന്നു.വികിരണം (Radiation) വഴി ചൂടു നഷ്ടപ്പെടുന്നു. ഇതെല്ലാം തനിയെ സംഭവിക്കുന്നു. (Automatic) നമുക്ക് അതിനെക്കുറിച്ച് ആലോചിക്കേണ്ടി വരുന്നില്ല. നമുക്കതിനെ മറികടക്കാനും കഴിയുന്നില്ല. രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാരയുടെ അളവ്, ശരീരത്തിലെ ജലാംശത്തിന്റെ സന്തുലിതാവസ്ഥ, വിശപ്പ്–ഇവയെല്ലാം ഇപ്രകാരം നിയന്ത്രിയ്ക്കപ്പെടുന്ന കാര്യങ്ങളാണ്. ഈ വ്യവസ്ഥയുടെ അതായത് (Limbic System) ന്റെ ഏതെങ്കിലും ഒരു ഭാഗത്തിനു കേടുപാടുകൾ വന്നാൽ മതി, സ്വയമേവ നിയന്ത്രിക്കപ്പെടുന്ന എല്ലാ കാര്യങ്ങളും അവതാളത്തിൽ ആകുകയും രോഗാവസ്ഥയിലാവുകയും ചെയ്യുന്നു. ഓർമ്മകൾ സൂക്ഷിച്ചു വെയ്ക്കുന്ന പ്രധാനയിടവും, തലച്ചോറിന്റെ താഴ്ഭാഗവും അഥവാ Lower Brain ലാണുള്ളത്. ഈ സ്ഥലത്തിനു ഹിപ്പോകാമ്പസ് (Hippo Campus) എന്നാണു പേര്. അതിനാൽ ഓർമ്മശക്തിയുടെ അളവുകോലും ഇവിടെ തന്നെ. സ്വയമേവ നിയന്ത്രിക്കപ്പെടുന്ന പ്രവൃത്തികളിൽ ഇതിനും പങ്കുണ്ട്.

അങ്ങനെയെങ്കിൽ Lower Brain നു മുകളിലായി സ്ഥിതി ചെയ്യുന്ന മസ്തിഷ്കത്തിന്റെ പ്രധാന പിണ്ഡത്തിന്റെ പ്രവൃത്തി എന്താണ്? അതായത് മസ്തിഷ്കത്തിന്റെ അർദ്ധഗോളാകൃതിയിലുള്ള രണ്ടു ഭാഗങ്ങൾ (Cerebral Hemispheres) ബുദ്ധിശക്തിയുടെയും സംശുദ്ധവും സൂക്ഷമവുമായ ഇന്ദ്രിയഗോചര ശക്തിയുടെയും (Perception) കാഴ്ച ശക്തിയുടെയുമൊക്കെ കേന്ദ്രമാണ് ഇവിടം. അതോടൊപ്പം തന്നെ കീഴ്മസ്തിഷ്കത്തിന്റെ (Lower Brain ) പ്രവർത്തനങ്ങളെ അതു പിന്താങ്ങുകയും ചെയ്യുന്നു. നമ്മുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി കമ്പ്യൂട്ടറുകൾ ഇന്ന് ഒരു സഞ്ചരിക്കുന്ന മസ്തിഷ്കം പോലെ ആയിത്തീർന്നിരിക്കുകയാണ്. അതേ പോലെയാണു മനുഷ്യന്റെ മസ്തിഷ്കാവരണവും പരിണമി ച്ചിരിക്കുന്നത്. മനുഷ്യന് ചൂഷകരിൽ നിന്നും അക്രമികളിൽ നിന്നും ഒഴിഞ്ഞു മാറി രക്ഷ നേടാനുള്ള വഴികൾ കണ്ടെത്താനറിയാം.പ്രപഞ്ചത്തിന്റെ മൗലിക ഘടകങ്ങളും (ഭൂമി, വായു, അഗ്നി, വെള്ളം) മറ്റു മൂലകങ്ങളും ഉപയോഗിച്ച് അവൻ ജീവിക്കുന്നു. മറ്റൊരു ജീവികൾക്കും കഴിയാത്ത രീതിയിൽ ഭക്ഷണം കണ് ടെത്തുകയും കൃഷി ചെയ്തുണ്ടാക്കുകയും ചെയ്യുന്നു. പ്രകൃത്യായുള്ള എല്ലാ ആഗ്രഹങ്ങളും സാധിയ്ക്കാനും തദ്വാരാ തന്റെ ജീനുകൾ (പാരമ്പര്യവാഹഘടകം) അടുത്ത തലമുറയിലേക്ക് ആരോഗ്യവാന്മാരായ കുഞ്ഞുങ്ങൾ വഴി പകരാനും മനുഷ്യനു കഴിയുന്നു. മനുഷ്യ മസ്തിഷ്കാവരണത്തിന്റെ ഉന്നതതലത്തിലുള്ള പരിണാമമാണ് (Evolution) ഇതിന്റെയെല്ലാം പിന്നിൽ.

Brain Stem എന്ന യജമാനന് ഒരു സേവകനെ പോലെയാണു Lortex. Brain Stem വിശക്കുന്നു എന്നു പറയുമ്പോൾ Lortex വിശപ്പടക്കാനുള്ള ഭക്ഷണം എങ്ങനെ കിട്ടും എന്നതിന് പരിഹാരം കാണുന്നു . ഇപ്പോഴത്തെ കമ്പ്യൂട്ടറുകൾക്ക് സ്വയം ചിന്തിയ്ക്കാനുള്ള ബുദ്ധിയായിക്കഴിഞ്ഞു. ഭാവി പ്രവർത്തന പദ്ധതിയിൽ വരെ അവ രൂപകല്പന ചെയ്യുന്നു.മനുഷ്യ മസ്തിഷ്കാവരണവും ഇതേപോലെ ആയിരിക്കുകയാണ്. പ്രകൃത്യാ നിക്ഷിപ്തമാക്കപ്പെട്ടിരിയ്ക്കുന്ന ജീവശാസ്ത്ര പരമായ പ്രവൃത്തികൾ കൂടാതെ ഒരു വ്യക്തിയുടെ ജീവൻ നിയന്ത്രിക്കുന്നതിൽ വഹിക്കുന്ന ചുമതല കൂടി ഏറ്റെടുക്കാനും മാത്രം അതു വികസിച്ചു കൊിരിക്കുന്നു.

രൂപഘടനയിലും പ്രവർത്തനത്തിലും മനുഷ്യന്റെ തലച്ചോറും ചിംപൻസ്സി(ചെറിയ ആഫ്രിക്കൻ മനുഷ്യക്കുങ്ങ്)യുടെ തലച്ചോറും തമ്മിൽ വളരെ കുറച്ചു മാത്രമ വ്യത്യാസമുള്ളൂ. പ്രധാന വ്യത്യാസം നു വേണ്ടി ചെയ്യുന്ന കാര്യങ്ങളിലാണ്. എല്ലാ ജീവികളിലും ഇത് ഒന്നായിരിക്കെ, മനുഷ്യന്റെ Lortex ഒരു പടി കൂടി മുന്നിലാണ്. മനുഷ്യന്റെ ജീവൻ ഏറ്റെടുക്കാനുള്ള കഴിവു വരെ അതിനുണ്ട്. മനുഷ്യമസ്തിഷ്കത്തിന്റെ വലിയ ഭാഗവും Cerebral Hemisphere ആണ്. വക്രഗതിയിലുള്ളതും ഉള്ളിലേയ്ക്ക് ഒരുപാടു മടക്കുകളുമുള്ളതാണ് അതിന്റെ ഫലം.കീഴ്മസ്തിഷ്കത്തിനെ () പൊതിഞ്ഞാണ് അതിരിയ്ക്കുന്നത്. മനുഷ്യന്റെ തലയുടെ വലിപ്പത്തിന്റെ പരിധി കൊണ്ടു ടു മാത്രമാണ് തലച്ചോറ് കൂടുതൽ വളരാത്തത്. മാത്രവുമല്ല ഒരു സാധാരണ ജനനം നടക്കുന്നതിന് തലച്ചോറിന്റെയും തലയുടെയും വലിപ്പത്തിന് ഒരു പരിധി ഉണ്ടായിരിക്കേണ്ടതുണ്ട്. പ്രായപൂർത്തിയായ ഒരാളുടെ (Adult) ശരീരത്തിൽ ഉണ്ടായിരിക്കേണ്ട് എല്ലാ നാഡികളും ജനനസമയത്തു തന്നെ അതാതു സ്ഥലങ്ങളിൽ നിക്ഷിപ്തമാണ്. ജനനശേഷമുള്ള നാഡിയുടെ വളർച്ച കൊണ്ട് ഉദ്ദേശിക്കുന്നത് നിലവിലുള്ള നാഡികൾ (Neurons ) തമ്മിൽ പുതിയതായി ഉണ്ടായികൊണ്ടിരിക്കുന്ന പരസ്പര ബന്ധങ്ങൾ (Inter connections) മാത്രമാണ്. ഈ ബന്ധങ്ങളെ Connection Libres എന്നാണു വിളിക്കുക. നേർത്ത നാരുകൾ പോലെയുള്ള ഈ നാഡികളെ പൊതിയുന്നതിനായി പുതിയ കോശങ്ങൾ ഉണ് ടാകുന്നു. ഇതാണ് മറ്റൊരു വളർച്ച. ഈ കോശങ്ങളെ Insulating Cells എന്നാണു വിളിക്കുക. ഇപ്രകാരം, തലച്ചോറിന്റെ വളർച്ച കൊണ്ട് ഉദ്ദേശിക്കുന്നത് ജീവിതത്തിലെ അനുഭവങ്ങൾക്കനുസൃതമായി ഉണ്ടാകുന്ന പുതിയ ബന്ധങ്ങളാണ്. അതിനാൽ വളർച്ചയുടെ ആദ്യഘട്ടം തികച്ചും നിർണ്ണായകമാണ്. കാരണം, അതാണു നമ്മുടെ ശിഷ്ട ജീവിതം നിശ്ചയിക്കുന്നത്.

ഇത്തരുണത്തിൽ ഞാൻ ഒരു പ്രധാന കാര്യം പറഞ്ഞു കൊള്ളട്ടെ. കുഞ്ഞുങ്ങളെ സമുചിതമായും സദാചാര ശുദ്ധിയോടെയും അല്ല വളർത്തുന്നതെങ്കിൽ അതും അവരുടെ പിന്നീടുള്ള ജീവിതത്തെ ബാധിക്കുന്നതാണ്. അതിന്റെ പരിണിതഫലമാകട്ടെ ഗൗരവമേറിയതുമായിരിക്കും. അല്ലാഹുവിന്റെ സ്മരണകൾ നിറഞ്ഞു നിൽക്കുന്ന ഒരു ഭവനത്തിൽ വളരുന്ന കുഞ്ഞുങ്ങളിൽ അല്ലാഹുവിനോടുള്ള ഒരു സ്നേഹം സംശയമന്യേ പോഷിപ്പിക്കപ്പെടുന്നു, അമ്മയില്ലാതെ വളരുന്ന കുഞ്ഞുങ്ങൾ ( അവ മനുഷ്യരുടെതായാലും മൃഗങ്ങളുടെതായാലും) വ്യക്തമായ ക്ലേശത്തിലും ദുരിതത്തിലും ആയിരിക്കും. പിന്നീടുള്ള ജീവിതത്തിൽ അവർ ഗുരുതരമായ മാനസിക ബുദ്ധിമുട്ടുകൾ കാണിക്കുന്നു. അതുപോലെ തന്നെ മാതാപിതാക്കൾ തമ്മിലോ മറ്റു കുടുംബാംഗങ്ങൾ തമ്മിലോ സ്ഥിരമായി തർക്കങ്ങൾ നടക്കുന്ന, അസ്വസ്ഥത നിറഞ്ഞ വീട്ടിൽ വളർത്തപ്പെടുന്ന കുഞ്ഞുങ്ങളുടെയും പിന്നീടുള്ള ജീവിതത്തിൽ അതിന്റെ ആഘാതം ദർശിക്കാവുന്നതാണ്. ആദ്യകാല ജീവിതാനുഭവങ്ങൾക്ക് പില്ക്കാല ജീവിതത്തിലുള്ള സ്വാധീനശക്തിയെ നാം തരം താഴ്ത്തി കാണരുത്. ആ സ്വാധീനം വളരെ നിർണ്ണായകം തന്നെയാണ്. ഇതു കൂടുതൽ വ്യക്തമായി തെളിഞ്ഞു കൊണ്ടിരിക്കുന്നു.

വിശുദ്ധ ഖുർ ആനിൽ സർവ്വശക്തനായ അല്ലാഹു ഇപ്രകാരം പറയുന്നു അരുൾ ചെയ്യുന്നു: എന്നെ അറിയാനും ആരാധിക്കാനും വേണ്ടിയല്ലാതെ ജിന്നിനെയും ഇൻസിനെയും ഞാൻ സൃഷ്ടിച്ചിട്ടില്ല.(51:57)

തീർച്ചയായും അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതം ഇസ്ലാം (പരിപൂർണ്ണമായ അനുസരണം പുലർത്തുക) ആകുന്നു.(3:20)

‘‘അതിനാൽ ഋജുമാനസനായി നിന്റെ സകലശ്രദ്ധയും മതസേവനത്തിനായി തിരിച്ചു നിർത്തുക. അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതി (കൈകൊള്ളുക). അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റവുമില്ല. അതത്രേ എന്നും നിലനില്ക്കുന്ന മതം– പക്ഷേ മനുഷ്യരിൽ അധികമാളുകളും യാഥാർത്ഥ്യം അറിയുന്നില്ല. അവനിലേക്ക്(അല്ലാഹുവിലേക്ക്) മടങ്ങുന്നവരായി(പ്രകൃതി മതം സ്വീകരിക്കുക) അവനോട് ഭയഭക്തരായിരിക്കയും നമസ്ക്കാരം (അതിന്റെ നിബന്ധനകളോടു കൂടി) നിലനിർത്തുകയും ചെയ്യുക. നിങ്ങൾ ബഹുദൈവ വിശ്വാസകളിൽ പെട്ടവരാകരുത്.(30:31,32)’’

സർവ്വശക്തനായ അല്ലാഹുവിനെ മനസ്സിലാക്കുവാനും അതുവഴി അവനിലേക്കു കൂടുതൽ അടുക്കുവാനും നമുക്ക് എങ്ങനെയാണു കഴിയുക? അതിനു നാം എന്താണ് ചെയ്യേണ്ടത് ഇതിനുള്ള എന്റെ ഉത്തരം

മറ്റൊരു ചോദ്യമാണ്. ഒരു കലാകാരൻ, എഴുത്തുകാരൻ, കെട്ടിട നിർമാതാവ് അതുമല്ലെങ്കിൽ ഒരു ചിത്രകാരൻ –ഇവരെയൊക്കെ നാം എങ്ങനെയാണു മനസ്സിലാക്കുന്നത്? അവരുടെ സൃഷ്ടികൾ പഠിക്കുക എന്നതാണ് അതിനുള്ള ഏക മാർഗ്ഗം അതുപോലെ തന്നെ എല്ലാ ജീവനെയും സൃഷ്ടിച്ച വിശുദ്ധനായ സ്രഷ്ടാവിനെ(അല്ലാഹു) അറിയാൻ നമുക്ക് അല്ലാഹുവിന്റെ സൃഷ്ടികളെ പറ്റി പഠിയ്ക്കാം. അതുവഴി നമുക്ക് അല്ലാഹുവിന്റെ മഹത്വത്തെ തിരിച്ചറിയാം. നമ്മുടെ സ്രഷ്ടാവ് ഇപ്പോഴും, എപ്പോഴും നമ്മുടെ കൂടെയുണ്ട്. അതാണു നമുക്കുള്ള നേട്ടം. അല്ലാഹുവുമായി ആശയവിനിമയം നടത്താനുള്ള മാർഗ്ഗങ്ങൾ നമുക്കുണ്ട്. അല്ലാഹുവുമായി ജീവിതകാലം മുഴുവനും നിലനിൽക്കുന്ന ഒരു ആത്മബന്ധം സ്ഥാപിച്ചെടുക്കാൻ നമുക്കു കഴിയും. ഇസ്ലാമിക പാഠങ്ങൾ ഈ പറഞ്ഞ കാര്യങ്ങൾക്ക് ഒരു സത്യസാക്ഷ്യമാണ്. പ്രകൃതിയെ കുറിച്ചുള്ള പഠനങ്ങളും ഇതു സ്ഥിരീകരിച്ചിട്ടുണ്ട്.

നമ്മുടെ ജീവിതത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം തിരിച്ചറിയണമെന്ന് വാഗ്ദത്ത മസീഹായ ഹ:മിർസാ ഗുലാം അഹ്മദും (അ) നമ്മെ ഗുണദോഷിച്ചിട്ടുണ്ട് അഥവാ താക്കീതു നൽകിയിട്ടുണ്ട്. ദീർഘവീക്ഷണവും നിശ്ചയദാർഢ്യവും ഇല്ലാത്ത ജനങ്ങൾ അവരുടെ ജീവിതത്തിന് പലവിധ ഉദ്ദേശ്യങ്ങൾ കണ്ടെത്തുകയും ഭൗതികലക്ഷ്യങ്ങളിലും ആഗ്രഹങ്ങളിലും അവരെ തളച്ചിടുകയും ചെയ്യുന്നു. എന്നാൽ സർവ്വശക്തനായ അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം അല്ലാഹു തന്നെ നമുക്കു വ്യക്തമാക്കിത്തന്നിട്ടുണ്ട്. എന്നെ അറിയാനും ആരാധിക്കാനും വേണ്ടിയല്ലാതെ ജിന്നിനെയും ഇൻസിനെയും ഞാൻ സൃഷ്ടിച്ചിട്ടില്ല.(51:57) ഇപ്രകാരം മനുഷ്യജീവിതത്തിന്റെ യഥാർത്ഥ ഉദ്ദേശ്യമെന്നത് അല്ലാഹുവിനെ ആരാധിക്കുക, അല്ലാഹുവിനെ അറിയുക, പരിപൂർണ്ണമായി അല്ലാഹുവിൽ ഭരമേല്പ്പിക്കുക എന്നതാണ്.

അല്ലാഹുവിന്റെ സൃഷ്ടികളെക്കുറിച്ചു നാം പഠിക്കണം നമ്മുടെ കുഞ്ഞുങ്ങളെ അതു പഠിപ്പിക്കാനായി പ്രോത്സാഹിപ്പിക്കണം. അതുവഴി നമുക്ക് അല്ലാഹുവിനെ അറിയാനും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാനും കഴിയും. തലച്ചോറിന്റെ വികസനത്തെക്കുറിച്ചുള്ള പഠനം സുപ്രധാനമാണ്. കുഞ്ഞുങ്ങളെ വളർത്തുന്ന പല രീതികളും മാറ്റേണ്ടിയിരിക്കുന്നു. അവരുടെ ഭാവി സുരക്ഷിതമാക്കത്തക്ക രീതിയിൽ ഇസ്‌ലാമിന്റെ തണലിൽ വളർത്തേണ്ടതുണ്ട് എന്നു നമുക്കു ബോദ്ധ്യമാകുന്നു. ഈ ചെറിയ ലോകത്തിൽ നാം എവിടെത്തന്നെയായിരുന്നാലും അവരുടെ ഭാവി ഇപ്രകാരം സുരക്ഷിതമായിരിക്കണം. ഇൻശാ അല്ലാഹ്. ആമീൻ.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ,എന്റെ പ്രഭാഷണം അവസാനിപ്പിക്കും മുൻപ് എന്റെ പ്രിയമാതാവ് ബീബി മോമിൻ അസിം സാഹിബയുടെ നിര്യാണത്തിൽ, അങ്ങേയറ്റം ആത്മാർത്ഥമായി, നേരിട്ടും അല്ലാതെയും അനുശോചനം അറിയിക്കുകയും ജനാസ നമസ്ക്കരിക്കുകയും ചെയ്ത എന്റെ എല്ലാ അനുയായികൾക്കും മറ്റെല്ലാവർക്കും ഞാൻ നന്ദി പറയാൻ ആഗ്രഹിക്കുന്നു. അൽഹംദുലില്ലാഹ്. സുമ്മ അൽഹംദുലില്ലാഹ്( അല്ലാഹുവിനു സ്തുതി, അല്ലാഹുവിന് സ്തുതി) നിങ്ങളുടെ ഹൃദയങ്ങളിൽ അല്ലാഹുവിനോടും അവന്റെ റസൂലിനോടും അല്ലാഹുവിന്റെ റസൂലിന്റെ മാതാവിനോടും അത്തരമൊരു സ്നേഹം കണ്ടെത്താൻ കഴിഞ്ഞത് എന്റെ ഹൃദയത്തിനു പ്രശാന്തത നല്കുന്നു. അവർ തീർച്ചയായും വിശിഷ്ടയും മാന്യയുമായ ഒരു സ്ത്രീയായിരുന്നു. ഈ വിനീതൻ ഒഴികെയുള്ള അവരുടെ എല്ലാ മക്കളും അഹ് രയിലാ മദ്ദിയ്യാ ജമാഅത്തിന്റെ മുഖ്യധാരയിലാണുള്ളത്. എങ്കിൽ തന്നെയും, അല്ലാഹുവിന്റെ ദൂതനായ സ്വന്തം മകനോടൊപ്പം ഉറച്ചു നിൽക്കാൻ അവർ വിസമ്മതം കാട്ടിയില്ല. ഈ അടുപ്പം എത്രത്തോളമായിരുന്നെന്നാൽ, അവരുടെ അവസാന ദിനങ്ങളിൽ എന്റെയും എന്റെ കുടുംബാംങ്ങളുടെയും ഒപ്പം, ഞങ്ങളുടെ ഭവനത്തിൽ തന്നെ, ഉണ്ടായിരിക്കുവാനുള്ള അനുഗ്രഹം അല്ലാഹു എനിയ്ക്കു തന്നു. തന്നിൽ നിന്നും അകലേക്കു പോകാൻ പോവുകയാണെന്ന ചില അടയാളങ്ങളും അവർ നല്കിയിരുന്നു. എന്റെ സ്ഥലത്തേക്കു വരുന്നത് ഇത് അവസാനത്തെ പ്രാവശ്യമായിരിക്കും എന്ന് എന്റെ മാതാവ് ഈ വിനീതനോടു പറയുകയുണ്ടായി. അവരെ ആശുപത്രിയിലേക്കു കൊണ്ടു പോകുന്നതിനു മുൻപ് ഞാനും എന്റെ കുടുംബാംഗങ്ങളും സദഖ ()നൽകി. ഒരു സ്വകാര്യ വൈദ്യന്റെയടുത്തു കൊണ്ടു പോയി ആവശ്യമുള്ള പരിശോധനകൾ (ഇക്കോ ടെസ്റ്റ് (Echo Test) ഉൾപ്പെടെയുള്ള) എല്ലാം നടത്തി. ഒരുപാടു പ്രാർത്ഥിച്ചു. എട്ടു ദിവസങ്ങൾ എന്നോടൊപ്പമുണ്ടായിരുന്നു.അതിനു ശേഷം ആരോഗ്യനില പെട്ടെന്നു വഷളായിത്തുടങ്ങിയതിനാൽ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടതായി വന്നു.

ഈ സന്ദർശനത്തിനു തൊട്ടു മുൻപുള്ള സന്ദർശനത്തിൽ അവർ തന്റെ അവസാനത്തെ ആഗ്രഹങ്ങൾ പറയുക പോലുമുണ്ടായി. അതായത് തന്റെ ജനാനമസ്ക്കാരവും (മരണപ്പെട്ടവർക്കു വേണ്ടിയുള്ള പ്രാർത്ഥന) മറ്റു പ്രാർത്ഥനകളും പ്രിയപുത്രനായ ഞാനും ജമാഅത്തു സഹീഹ് അൽ ഇസ്ലാമിലെ അംഗങ്ങളുമാണ് ചുമതലയെടുത്തു നടത്തേണ്ടതെന്ന്. തന്റെ ജനാനമസ്കാരം ഈ വിനീതന്റെ നേതൃത്വത്തിൽ നടത്തപ്പെടുവാനാണ് താൻ ആഗ്രഹിക്കുന്നതെന്നു കുടുംബത്തിലെ മറ്റ് അംഗങ്ങളോടു പോലും പറയുകയുണ്ടായി. അൽഹംദുലില്ലാഹ്, അല്ലാഹു അവരുടെ ഉദ്ദേശ്യവും ആഗ്രഹങ്ങളും സ്വീകരിച്ചു.

ജനാനമസ്കാരം ബഹുമാനത്തോടെയും രമ്യതയോടെയും നടത്തപ്പെട്ടു. (അതായത് അഹ്മദിയ്യാ ജമാഅത്തിന്റെ മുഖ്യധാരയിലുള്ള കുടുംബാംഗങ്ങളുടെ സഹകരണത്തോടു കൂടി തന്നെ) എന്റെ മാതാവ് ആഗ്രഹിച്ചതൊക്കെ യാഥാർത്ഥമായി. അൽഹംദുലില്ലാഹ്. മകനായ ഞാനും നമ്മുടെ ജമാഅത്തു സഹീഹി അൽഇസ് ലാം അംഗ ങ്ങളും ചേർന്നാണ് ഉച്ചയ്ക്ക് (1:20 മണിക്ക്) അവരുടെ ജനാസ നമസ്കാരം ആദ്യം നമസ്ക്കരിച്ചത്. മറവു ചെയ്യാനായി 3 മണിക്ക് ശരീരം എടുക്കുന്നതിനു മുൻപ് അഹ്മദിയ്യാ ജമാഅത്ത് അംഗങ്ങളും ജനാസ നമ സ്ക്കരിക്കുകയുണ്ടായി.

രണ്ടാമത്തെ ജനാസ നമസ്ക്കാരത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ അമീറും ഉണ്ടായിരുന്നു. എന്നിട്ടും ഈ വിനീതന് എന്റെ മാതാവിന്റെ ശവസംസ്കാരച്ചടങ്ങിൽ സജീവമായി പങ്കെടുക്കാൻ സാധിച്ചു. അദ്ദേഹ ത്തിന് അതിൽ നിന്നും എന്നെ തടയാൻ കഴിഞ്ഞില്ല. അല്ലാഹു ഈ സാഹചര്യത്തെ അത്രയേറെ വ്യക്തവും സ്പഷ്ടവും ആക്കിത്തന്നു. ഒരു ചോദ്യം മനസ്സിലുദിക്കുന്നു. കുടുംബാംഗങ്ങൾ തമ്മിൽ സ്പർദ്ധയുണ്ടാകാൻ വേണ്ടിയുണ്ടായ നീണ് ട് വർഷങ്ങളിലെ ബഹിഷ്കരണത്തിനു ശേഷമായിട്ടു പോലും ഈ കുടുംബാംഗ ങ്ങൾ തന്നെ ഈ വിനീതനെ എന്റേതായ രീതിയിൽ ജനാനമസ്കാരം നയിക്കുവാനും പ്രാർത്ഥിക്കുവാനും അനുവദിച്ചു. അവർക്കതു  സ്വീകാര്യമായിരുന്നു. അമീറിന്റെ സാന്നിദ്ധ്യത്തിൽ പോലും അതെന്തു കൊണ്ടാണ്? അമീറിനും അദ്ദേഹത്തിന്റെ ശുശ്രൂഷകർക്കും ഈ വിനീതനെ കണ്ടതിനു ശേഷം കാര്യമില്ലാത്തതും അനിയ ന്ത്രിയവുമായ ഒരു തരം ഭീതിയുണ്ടായി. അതുകൊണ്ടു തന്നെ ആ ജനാനമസ്കാരം രണ്ടു മിനുട്ടിൽ താഴെയേ നീണ്ടു നിന്നുള്ളൂ. നമസ്കാരത്തിനായി അവിടെ സമ്മേളിച്ച അഹ്മദി മുസ്ലിംകളും ജനാനമസ്കാരം ഇത്രയും ഹ്രസ്വമാക്കിയതു കണ്ട് ആശ്ചര്യപ്പെട്ടു. എന്നാൽ അവർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അല്ലാഹുവിന്റെ നിശ്ചയം അതായിരുന്നു. അൽഹംദുലില്ലാഹ്. സുമ്മ അൽഹംദുലില്ലാഹ്, അന്റെ പ്രിയമാതാവിന്റെ അവസാ നത്തെ ആഗ്രഹങ്ങൾ യാഥാർത്ഥ്യമായി–അവരുടെ മകൻ, അല്ലാഹുവിന്റെ ദൂതൻ തന്നെ അവർക്കായി ആദ്യം ജനാസ നമസ്കരിച്ചു. 1:20 നു തന്നെ അതു നടന്നു. അഹ്മദി മുസ്ലിംകൾ സമ്മേളിക്കുന്നതിനു മുൻപു തന്നെ. തീർച്ചയായും ലാ ഗാലിബ ഇലല്ലാഹ്(എല്ലാ വിജയവും അല്ലാഹുവിനുള്ളതാണ്)

എന്റെ സ്ഥലത്തായിരിക്കുമ്പോൾ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, തന്റെ അവസാനദിനങ്ങളിൽ, ജമാഅത്തു സഹീഹ് അൽ ഇസ്ലാമിൽ നിന്നുമുള്ള ആത്മീയ ഭക്ഷണം രുചിയ്ക്കുവാനുള്ള ഭാഗ്യം എന്റെ മാതാവുനുണ്ടായി. 2012 ജൂൺമാസം 22– തീയതി വെള്ളിയാഴ്ച അവർ ജമാഅത്തു സഹീഹ് അൽ ഇസ്ലാമി നോടൊപ്പം തന്റെ ജീവിതത്തിലെ അവസാനത്തെ ജുമുആ നമസ്ക്കരിച്ചു. ഈ വിനീതന്റെ കീഴിൽ നടത്ത പ്പെട്ട എല്ലാ ഫർള് (നിർബന്ധമാക്കപ്പെട്ട) നമസ്ക്കാരങ്ങളും വിശ്വാസികളോടൊപ്പം നമസ്ക്കരിച്ചു. തഹജ്ജുദ് നമസ്ക്കരിച്ചു. വിശുദ്ധ ഖുർആൻ ക്ലാസ്സിന്റെ എല്ലാ ഭാഗങ്ങളിലും സഹായിക്കുകയും പങ്കെടുക്കുകയും ചെയ്തു. എല്ലാ രാത്രിയിലും നടത്തപ്പെട്ട ദിക്റെ ഇലാഹിയിലും() അല്ലാഹുവിനോടുള്ള സഹായാഭ്യർത്ഥനയിലും ആന ന്ദവും ആശ്വാസവും കണ്ടെത്തി. 2012 ജൂൺ മാസം 28–തീയതി വ്യാഴാഴ്ച വരെ അതിനുള്ള ഭാഗ്യം ലഭിച്ചു. അന്നാണു ഞങ്ങൾ അവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നത്. 2012 ജൂൺ മാസം 30– തീയതി ശനിയാഴ്ച വെളുപ്പിന് 3:45 നാണ് അവർ നിര്യാതയായത്. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ(തീർച്ചയായും ഞങ്ങൾ അല്ലാഹുവിൽ  നിന്നുള്ളവരും അല്ലാഹുവിലേക്കു മടക്കപ്പെടേണ്ടാവരും ആകുന്നു.

മരണത്തിനു മുൻപ്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഈ വിനീതനും എന്റെ കുടുംബാംഗങ്ങൾക്കും ഒരുപാട് അടയാളങ്ങളും വെളിപാടുകളും ലഭിക്കുകയുണ്ടായി. എന്റെ മാതാവിനു വ്യക്തിപരമായും ചില അടയാളങ്ങൾ ലഭിച്ചിരുന്നു. എന്നോടൊപ്പമായിരിക്കുമ്പോൾ അവർ കണ്ട സ്വപ്നങ്ങളൊക്കെ അവർക്ക് ആസ ന്നമായിക്കൊണ്ടിരിക്കുന്ന മരണത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകളായി രുന്നു. അവരുടെ സംഭാഷണവും ആ ദിശയിലേക്കു മാറുന്നുണ്ടായിരുന്നു. എന്റെ വീട്ടിലേക്കു മാതാവിനെ കൊണ്ടു വരുവാൻ  കാറിൽ ഞാൻ തന്നെയാണു പോയത്. അന്ന് അവർ ഈ വിനീതനോടു പറഞ്ഞ ആദ്യത്തെ കാര്യം എന്റെ സ്ഥലത്തേക്കുള്ള അവരുടെ അവസാനത്തെ യാത്രയായിരിക്കും ഇത് എന്നാണ്. മാത്രവുമല്ല ആ ആഴ്ചയിൽ തന്നെ, രാത്രി ഭക്ഷണം കഴിക്കുന്നതിനിടയിൽ അവർ ഞങ്ങളോടൊപ്പം ഇനി എട്ടു ദിവസങ്ങൾ കൂടി മാത്രമേ നിൽക്കുകയു ള്ളൂ എന്ന് പറയുകയുണ്ടായി. ആശുപത്രിയിൽ ആയിരിക്കുമ്പോൾ പോലും ഒരുപാടു അടയാളങ്ങൾ വെളി പ്പെടുകയുണ്ടായി. എന്റെ ഭവനത്തിൽ ആയിരിക്കുമ്പോൾ, ഈ വിനീതന് ഉണ്ടായ ഒരു ദിവ്യ വെളിപാടിന് അവർ സാക്ഷിയാവുക കൂടി ചെയ്തു. രണ്ടു തലകൾ മരണപ്പെടും എന്നായിരുന്നു അത്. രണ്ടു മഹദ്വ്യ ക്തികൾ അല്ലെങ്കിൽ രണ്ടു വൃദ്ധരായ ആളുകൾ എന്നായിരുന്നുഅതിന്റെ അർത്ഥം വാസ്തവത്തിൽ ഈ വെളിപാട് സത്യമാവുകയും ചെയ്തു. എന്റെ മാതാവു മരിച്ച അതേ ദിവസം തന്നെ തെക്കേ മൗറീഷ്യസിലുള്ള വൃദ്ധയായ ഒരു അഹ്മദീ മുസ്ലിമും  മരണപ്പെട്ടു.അവർ അല്പം കൂടി മുൻപായാണ് മരണപ്പെട്ടത്.(വെളു പ്പിന് ഏകദേശം രണ്ടു മണിക്ക്)  മാത്രവുമല്ല, 2012 ൽ മരണപ്പെടാനുള്ള എല്ലാ ആളുകളുടെയും ഒരു പട്ടിക കുറെ മുൻപു തന്നെ അല്ലാഹു എനിയ്ക്കു നൽകിയിരുന്നു. ആ പട്ടികയിൽ എന്റെ മാതാവും ഉണ്ടായിരുന്നു.

അല്ലാഹു വിധിച്ചതു സത്യമായി ഭവിച്ചു.

എന്റെ മാതാവിനെ അവസാനമായി കുളിപ്പിക്കുന്ന നേരത്ത്, ജമാ അത്തു സഹീഹ് അൽ ഇസ്‌ലാമിൽ അംഗങ്ങളായിട്ടുള്ള എന്റെ കുടുംബക്കാർ സജീവമായുണ്ടായിരുന്നു.

''ഘുസ്ൽ'' അഥവാ പൂർണ്ണസ്നാനം കഴിഞ്ഞ ശേഷം അവർ ശ്രദ്ധിച്ച ഒരു കാര്യം പിന്നീട് എന്നോടു പറയുകയുണ്ടായി. ഒരു തേനീച്ച, എന്റെ പ്രിയമാതാവിന്റെ മൃതശരീരത്തിനു ചുറ്റും പറന്ന ശേഷം അവരുടെ അടുത്തേക്കു പോവുകയും പിന്നെ പറന്നകലുകയും ചെയ്തു. ഈ സാക്ഷ്യം അറിയിയ്ക്കപ്പെട്ട ഉടൻ തന്നെ ഞാൻ വിശുദ്ധ ഖുർആൻ തുറന്നു നോക്കി. അല്ലാഹുവിന്റെ ആഗ്രഹപ്രകാരം എന്റെ കൈകൾ തുറന്നത് നേരെ അന്നഹൽ (തേനീച്ച) എന്ന അദ്ധ്യായത്തിലേക്കായിരുന്നു. അതിനു ശേഷം എന്റെ മാതാവിന്റെ ശരീരത്തിന് അടുത്ത് തേനീച്ച കാണപ്പെട്ടതിനെക്കുറിച്ച് എനിക്ക് അല്ലാഹു വെളിപാടുകളുടെയും വിശദീകരണങ്ങളുടെയും ഒരു പരമ്പര തന്നെ തന്നു. എനിക്കു ലഭിച്ച ബൃഹത്തായ വിശദീകരണത്തിന്റെ രത്നചുരുക്കമാണ് താഴെ പറയുന്നത്. (1) ആ സമയത്ത് അവിടെ വെളിപ്പെട്ട ഒരു മലക്കിനെയാണ് (മാലാഖ) തേനീച്ച പ്രതിനിധീകരിക്കുന്നത്. എന്റെ മാതാവിന്റെ കൂടെയും നമ്മുടെ കൂടെയും അല്ലാഹു ഉണ്ടെന്നും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നമ്മുടെ മേൽ ഉണ്ടെന്നും ഇതു സൂചിപ്പിക്കുന്നു.

(2) അല്ലാഹു എന്റെ മാതാവിന്റെ ആഗ്രഹം സ്വീകരിച്ചു. അവരുടെ മരണശേഷമുള്ള ചടങ്ങുകൾ അനുഗ്രഹീതമാക്കി. അവർ ആഗ്രഹിച്ച പുത്രൻ തന്നെ അവരുടെ മരണശേഷമുള്ള പ്രാർത്ഥനയ്ക്കു നേതൃത്വം വഹിച്ചു. തന്റെ മറ്റു മക്കളെല്ലാം അഹ്‌മദിയ്യാ ജമാഅത്തിലായിരുന്നിട്ടും, അതു സംബന്ധിച്ച് പർവ്വത സമാനമായ ബുദ്ധിമുട്ടുകൾ നിലവിലിരുന്നിട്ടും അവരുടെ ആഗ്രഹം അല്ലാഹു നടത്തിക്കൊടുത്തു.

(3) തേനീച്ചകൾക്കു ദിവ്യവെളിപാടുകൾ ലഭിക്കും എന്നു സൂചനയുണ്ട്. ഇങ്ങനെ നോക്കുമ്പോൾ സംഭവിച്ചതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്തോടെയാണു സംഭവിച്ചത്. ദൈവിക സാക്ഷാത്കാരത്തിന്റെ (Divine Manifestation) സത്യസന്ധതയെ ഇതു വെളിപ്പെടുത്തുന്നു. ദൈവിക സാക്ഷാത്കാരത്തെക്കുറിച്ച് എന്റെ മാതാവിനുണ്ടായിരുന്ന ഉറച്ച നിലപാടിനെയും ഇതു സത്യപ്പെടുത്തുന്നു.

മാത്രവുമല്ല, എന്റെ ഒരു കുഞ്ഞുപേരക്കിടാവിലൂടെ അല്ലാഹു അത്ഭുതപ്പെടുത്തുന്ന മറ്റൊരു അടയാളം കൂടി വെളിപ്പെടുത്തി. എന്റെ അനുയായിയും സഹോദരനുമായിരുന്ന അസീസ് അസിം (Azize Azim) എന്ന വ്യക്തിയുടെ പേരക്കിടാവാണ് ഈ കുഞ്ഞ്. (അദ്ദേഹം ഇപ്പോൾ ജീവിച്ചിരുപ്പില്ല) ഈ കുഞ്ഞ് ജനിക്കുന്നതിനു മുൻപ് ഈ വിനീതൻ അവന്റെ ജനനത്തിനായി ഒരുപാടു ദുആ ചെയ്തിട്ടുള്ളതാണ്. അവന്റെ ജനനം ഒരു അത്ഭുത സംഭവമായിരുന്നു (Miracle Child). അസീസ് (Azize Azim) എന്നു തന്നെയാണ് അവനും നാമകരണം ചെയ്യപ്പെട്ടിട്ടുള്ളത്. മൂന്നു വയസുള്ള ഈ കുഞ്ഞിനു ദിവ്യ വെളിപാടുണ്ടായി. എന്റെ മാതാവ് മരണപ്പെടുന്നതിന് ഒന്നു രണ്ടു ദിവസം മുൻപ് ഈ കുഞ്ഞ് വെളുപ്പിന് 3 മണിക്ക് ഉണർന്ന് തന്റെ മാതാവിനോട് ഇപ്രകാരം പറഞ്ഞു. '' ഞാൻ മാതളനാരങ്ങ കഴിക്കുന്നതായി സ്വപ്നം കണ്ടു എന്നാൽ കാലാ റൂബിന് (Kala Rubina) മനോഹരമായ ഒരു പൂന്തോട്ടത്തിലിരുന്ന് അതിന്റെ ചാറ് (ജൂസ്) കുടിക്കുകയായിരുന്നു''. (കാലാ റൂബിന എന്നത് മോമിന്റെ (Momin) അപരനാമമാണ്). അതിനു ശേഷം അവൻ ഉറങ്ങാൻ കിടന്നെങ്കിലും അല്പം കഴിഞ്ഞ് വീണ്ടും ഉണർന്നിട്ട് ഇപ്രകാരം പറഞ്ഞു. ഞാൻ മനോഹരമായ ഒരു പൂന്തോട്ടത്തിൽ, കാലാ റൂബിന (മോമിൻ) യ്ക്കു വേണ്ടി റോസാപ്പൂക്കൾ ശേഖരിക്കുന്നതായും അത് അവർക്കു കൊടുക്കുന്നതായും കണ്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ പ്രിയമാതാവ് അല്ലാഹുവിനോടുള്ള ഭക്തി നിറഞ്ഞ ജീവിതമാണ് നയിച്ചിരുന്നത്. മരണപ്പെടുമ്പോൾ 84 വയസ്സ്. വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കിയാൽ നല്ല ആരോഗ്യവസ്ഥയിൽ തന്നെ ആയിരുന്നു. അവസാന ദിവസങ്ങളിൽ ഒരു ജലദോഷം വന്നതിനു ശേഷമാണു തീരെ വയ്യാതായത്. ദുഃഖകരമെന്നു പറയട്ടെ തന്റെ ശാശ്വത വാസസ്ഥാനത്തേക്കു പോവുകയും ചെയ്തു. ഇൻശാ അല്ലാഹ് ഏറ്റവും നല്ല അവസ്ഥയിലും ആത്മീയ രൂപത്തിലും ആയിരിക്കും എന്റെ മാതാവ് അവിടെ പ്രവേശിച്ചിരിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അവരുടെ പുത്രനും എന്റെ സഹോദരനുമായ അസീസ് അസിമിനെ (Aziz Azim) മറവു ചെയ്ത അതേ ഖബർസ്ഥാനിലാണ് (കല്ലറയിലാണ്) അവരെയും മറവു ചെയ്തത്. ജമാഅത്ത് അഹ്‌മദിയ്യാ അൽ മുസ് ലിമിന്റെ സമയത്ത്, May 2006 ലായിരുന്നു അദ്ദേഹത്തിന്റെ മരണം. ഇതും അല്ലാഹുവിന്റെ ഒരു അടയാളമാണ്. അല്ലാഹുവിന്റെ ദൂതന്റെ മാതാവ് ദൈവിക സാക്ഷാത്കാരത്തിന്റെ മണ്ണിൽ തന്നെയാണഉ ചേരേണ്ടത് എന്ന് ഇത് വ്യക്തമായി സൂചിപ്പിക്കുന്നു.

അല്ലാഹു എന്റെ മാതാവിനെ എല്ലായ്പ്പോഴും അനുഗ്രഹിക്കുമാറാകട്ടെ. ഭൂമിയിലെ ജീവിതകാലത്തിനിടയിൽ ചെയ്തു പോയിട്ടുണ്ടായേക്കാവുന്ന എല്ലാ തെറ്റുകളും അവർക്കു പൊറുത്തു കൊടുക്കുമാറാകട്ടെ. ആർദ്രതയോടു കൂടിത്തന്നെ അല്ലാഹു എന്റെ മാതാവിനെ സ്വാഗതം ചെയ്യുകയും അവനു പ്രിയപ്പെട്ടവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുമാറാകട്ടെ. സ്വർഗ്ഗത്തിന്റെ അത്യുന്നതമായ സ്ഥാനത്ത് എന്റെ മാതാവിന് അല്ലാഹുവിന്റെ ഏറ്റവും അടുത്തതായ സ്നേഹം ലഭിക്കുമാറാകട്ടെ. ആമീൻ.

എന്റെ പ്രിയമാതാവിന്റെ വിയോഗത്തിൽ ദുഃഖിതനായിരിക്കുന്ന സമയത്ത്, സ്നേഹവും സഹതാപവും പ്രാർത്ഥനകളുമായി എന്നോടൊപ്പം നിന്ന എന്റെ എല്ലാ അനുയായികൾക്കും ഈ വിനീതന്റെ ജസാക്കല്ലാഹ്(നന്ദി) അറിയിച്ചു കൊള്ളുന്നു. (കേരളം, ട്രിനിഡാഡ്.ടുബാഗോ എന്നീ സ്ഥലങ്ങൾ ഖലീഫത്തുല്ല എടുത്തു പറഞ്ഞു).

അല്ലാഹു നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ. അതിനെക്കാളേറെ പ്രതിഫലങ്ങൾ നല്കുമാറാകട്ടെ. അത് ഈ ലോകത്തിലോ പരലോകത്തിലോ ആയിക്കൊള്ളട്ടെ. ഇൻശാ അല്ലാഹ്, ആമീൻ.

*Translated by: Dr. Haseena M. Fazil*
*Issued by: R. Jamaluddin, Amir*

*Jamaat Ul Sahih Al Islam Kerala*
*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*
*Phone: 0475-2252530, 9447001832*